# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 197 **08/02/2016-ൽ** മറുപടി നൽകേണ്ടിയിരുന്നത്

## നിയമസഭാ ചോദ്യങ്ങൾക്ക് ഉത്തരം നൽകാത്ത ഉദ്യോഗസ്ഥനെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ :** | **ശ്രീ. എ.കെ. ബാലൻ**<br>പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും, നിയമവും, സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
| (എ) നിയമസഭാ സാമാജികന്മാർ ചോദിക്കുന്ന ചോദ്യങ്ങൾക്ക് യഥാസമയം തന്നെ ഉത്തരം നൽകാൻ കഴിയുംവിധം വകുപ്പുകളിൽ ഏർപ്പെടുത്തപ്പെട്ട സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കാതിരിക്കുന്നതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; | (എ) നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി കഴിവതും യഥാസമയം തന്നെ ലഭ്യമാക്കാറുണ്ട്. മറുപടി യഥാസമയം നൽകുന്നതിൽ മനപൂർവ്വമായ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂടാതെ ഇതിനായി വകുപ്പുകളിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുന്നതിന് ഓരോ വകുപ്പിലും പാർലമെന്റ് സെക്ഷന്റെ ചുമതലയുള്ള അണ്ടർ സെക്രട്ടറി/ ഡെപ്യൂട്ടി സെക്രട്ടറി/ ജോയിന്റ് സെക്രട്ടറി/ അഡീഷണൽ സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥരിൽ ഒരാളെ ലെയ്സൺ ഓഫീസറായി ഓരോ വകുപ്പിലും നിയമിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ, സാമാജികരുടെ ചോദ്യങ്ങൾക്ക് യഥാസമയം ഉത്തരം നൽകാത്തതിന്റെ പേരിൽ സംസ്ഥാനത്തെ ഏതെങ്കിലും ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ബി) സാമാജികരുടെ ചോദ്യങ്ങൾക്ക് യഥാസമയം ഉത്തരം നൽകാത്തതിന്റെ പേരിൽ ഒരു ഉദ്യോഗസ്ഥനെതിരെയും നടപടി സ്വീകരിച്ചിട്ടില്ല. |

Mani M

സെക്ഷൻ ഓഫീസർ